# സിപിസിആർഐയിൽ ജീവാണുവള ലബോറട്ടറി കെട്ടിടം തുറന്നു

കാസർകോട് ● കേന്ദ്രതോട്ടവിള ഗവേഷണസ്ഥാപനത്തിൽ (സിപിസിആർഐ) നിർമാണം പൂർത്തിയായ ജീവാണുവള ലബോറട്ടറി കെട്ടിടം ഇന്ത്യൻ കാർഷികഗവേഷണ കൗൺസിൽ ഡയറക്ടർ ജനറൽ ഡോ. എസ്. അയ്യപ്പൻ ഉദ്ഘാടനം ചെയ്തു.

സിപിസിആർഐ വികസിപ്പിച്ചെടുത്ത തെങ്ങിന്റെ വളർച്ചയും ഉല്പാദനക്ഷമതയും മെച്ചപ്പെടുത്തുവാൻ സഹായിക്കുന്ന കേരാപ്രോബയോ, കൊക്കോ ചെടികൾക്കു ഗുണപ്രദമായതു കൊക്കോ പ്രോബയോ എന്നീ ജീവാണുവളങ്ങളും ചടങ്ങിൽ പുറത്തിറക്കി.

വെർക്കാടിയിൽനിന്നുള്ള കർഷകൻ രവി ശങ്കർ, മീഞ്ചയിൽനി...ുള്ള ഡി.സി. ചൗട്ട എന്നിവർ ഉല്പന്നങ്ങൾ ഏറ്റുവാങ്ങി. സിപിസിആർഐ നടത്തിയ ഗവേഷണത്തിൽ കണ്ടെത്തിയ മൂന്നുതരത്തിലുള്ള പ്ലാന്റ് ഗ്രോത്ത് പ്രൊമോട്ടിങ് (പിജിപിആർ) ബാക്ടീരിയകളുടെ ജനിതകഘടനയും ഐസിഎആർ ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. എൻ.കെ. കൃഷ്ണകുമാർ പുറത്തിറക്കി.

സിപിസിആർഐയിൽ വികസിപ്പിച്ചെടുത്ത തെങ്ങിൻപാനീയം കൽപരസയുടെയും നാളികേര പഞ്ചസാരയുടെയും നിർമാണ സാങ്കേതികവിദ്യ കൈമാറുന്ന ചടങ്ങും ഡോ. എസ്. അയ്യപ്പൻ നിർവഹിച്ചു. തമിഴ്നാട്ടിൽനിന്നുള്ള യുവസംരംഭകൻ ശ്രീറാമും സിപിസിആർഐ ഡയറക്ടർ ജോർജ് വി. തോമസും സാങ്കേതികവിദ്യാ കൈമാറ്റ കരാറിൽ ഒപ്പുവച്ചു. ഇന്നൊവേറ്റീവ് ഫാർമർ അവാർഡ് നേടിയ ഡോ. ഡി.സി ചൗട്ട, വെസ്റ്റ് എളേരിയിലെ യുവകർഷകനായ ജോജി പി. ഡാനിയേൽ, നാളികേര ചിപ്സ് നിർമാണത്തിലും വിപണനത്തിലും വിജയം വരിച്ച സംരംഭകനായ സിബി, നീര ഉല്പാദിപ്പിച്ചു വിപണനം നടത്തുന്ന കാർക്കളയിലെ കർഷകനായ അഗസ്റ്റിൻ ജോസഫ്, തെങ്ങുകയറ്റയന്ത്രമുപയോഗിച്ചു തെങ്ങുകയറുന്നതിൽ പ്രാവീണ്യം നേടിയ കൃഷ്ണവേണി എന്നിവർ ചടങ്ങിൽ അനുഭവങ്ങൾ പങ്കുവച്ചു.

സിപിസിആർഐ ഡയറക്ടർ ജോർജ് വി. ധതാമസ്,അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ സുരേഷ്കുമാർ എന്നിവർ പ്രസംഗിച്ചു.